## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 676** **29.01.2019 -ൽ മറുപടിയ്ക്ക്**

### സർഗാലയ ആർട്സ് & ക്രാഫ്റ്റ് വില്ലേജിന്റെ ഉടമസ്ഥാവകാശം

ചോദ്യം മറുപടി

ശ്രീ.എം.ഉമ്മർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ടൂറിസം വകുപ്പിന്റെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന സർഗാലയ ആർട്സ് & ക്രാഫ്റ്റ് വില്ലേജിന്റെ ഉടമസ്ഥാവകാശം കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ; | എ) യും ബി) യും | ടൂറിസം വകുപ്പിന്റെ സംരംഭമായ സർഗാലയ ആർട്സ് & ക്രാഫ്റ്റ് വില്ലേജിന്റെ ഉടമസ്ഥാവകാശം കൈമാറാൻ നിലവിൽ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നില്ല. |
| ബി) | പ്രസ്തുത സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം ഒരു സ്വകാര്യ സൊസൈറ്റിക്ക് നൽകുന്നതിന് നിയമപരമായ സാധുത പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |
| സി) | പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ ചെലവിൽ നടത്തിയ സാഹചര്യത്തിൽ ഈ പൊതുസ്ഥാപനം ഒരു സ്വകാര്യ ഏജൻസിക്ക് നൽകുന്നതിന് അനുകൂലമായ ഘടകങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | സി) | ടൂറിസം വകുപ്പിന്റെ സംരംഭമായ ഇരിങ്ങൽ സർഗാലയ ആർട്സ് & ക്രാഫ്റ്റ് വില്ലേജിനെ പ്രൊഫണൽ ആൻറ് കോ -ഓർഡിനേഷൻ ആക്ടിവിറ്റികൾ നടത്തുന്നതിനായി GO(Rt) No. 8101/10/TSM തീയതി 02.10.2010 നമ്പർ ഉത്തരവ് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, വടകര , കോഴിക്കോട് എന്ന സ്ഥാപനത്തിന് 10 വർഷത്തേക്ക് കരാർ നൽകിയിട്ടുണ്ട്. എന്നാൽ മേൽ സംരംഭം ഒരു സ്വകാര്യ ഏജൻസിക്ക് നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| ഡി) | പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പ് അവകാശം കൈമാറുന്നതിന് മന്ത്രിസഭായോഗത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | ഡി | പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പ് അവകാശം കൈമാറുന്നത് സംബന്ധിച്ച് മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ